വിലയാധാരങ്ങൾ

1272 [2044] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1969-70 ലും 1976-77 ലും ഓരോ ജില്ലയിലും രജിസ്റ്റർ ചെയ്തിട്ടുള്ള വിലയാധാരങ്ങളുടെ എണ്ണം എത്ര;

(ബി) ശരാശരി വർദ്ധനവ് എത്ര ശതമാനം ഉണ്ട്;

(സി) ഈ കാലഘട്ടത്തിൽ വില്ലേജാഫീസിലെ ജീവനക്കാരുടെ എണ്ണത്തിൽ എത്ര ശതമാനം വർദ്ധനവുണ്ടായി?

ഉത്തരം

(എ, ബി) സ്റ്റേറ്റുമെന്റ് പ്രത്യേകമായി ഇതോടൊപ്പം വെച്ചിട്ടുണ്ട്.*

(സി) വിലയാധാരങ്ങളുടെ വർദ്ധനവിനെ ആസ്പദമാക്കി വില്ലേജുജീവനക്കാരുടെ എണ്ണത്തിൽ ഈ കാലയളവിൽ വർദ്ധനവ് ഉണ്ടായിട്ടില്ല.

വില്ലേജുകളുടെ വിസ്തീർണ്ണം

1273 [2049] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ഓരോ താലൂക്കിലേയും ഏറ്റവും കൂടുതൽ വിസ്തീർണ്ണമുള്ളതും ഏറ്റവും കുറച്ചു വിസ്തീർണ്ണമുള്ളതും ആയ വില്ലേജുകൾ ഏതൊക്കെയാണെന്നും അവയുടെ വിസ്തീർണ്ണം എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) മറ്റു എല്ലാ ജില്ലകളിലെയും ഇതു സംബന്ധിച്ച പ്രസ്തുത വിവരങ്ങൾ മേശപ്പുറത്തുവയ്ക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം താലൂക്ക്

ഏറ്റവും വലിയ വില്ലേജ്—തിരുവല്ലം
വിസ്തീർണ്ണം—1930.831 ഹെക്ടർ
ഏറ്റവും ചെറിയ വില്ലേജ്—ചെങ്ങഴശ്ശേരി
വിസ്തീർണ്ണം—548.991 ഹെക്ടർ

നെടുമങ്ങാട് താലൂക്ക്

ഏറ്റവും വലിയ വില്ലേജ്—കല്ലറ
വിസ്തീർണ്ണം—4988 ഹെക്ടർ
ഏറ്റവും ചെറിയ വില്ലേജ്—വിരണക്കാവ്
വിസ്തീർണ്ണം—1819 ഹെക്ടർ

*അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1272 [2044] കാണുക

ജില്ലതിരിച്ചുള്ള വിലയാധാരങ്ങളുടെ കണക്ക്

കണ്ണൂർ	കോഴിക്കോട്	മലപ്പുറം	പാലക്കാട്	തൃശ്ശൂർ	എറണാകുളം	കോട്ടയം	ഇടുക്കി	ആലപ്പുഴ	കൊല്ലം	തിരുവനന്തപുരം
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)
1969-70										
1060-3	19404	15383	7784	13956	20192	19119	ഇടുക്കി ജില്ല 26-1-72-ൽ ആണ് രൂപീകരിച്ചത്	21902	41109	37413
1976-77										
24602	32228	29255	14536	29353	21693	21640	5975	31750	30967	43354
വർദ്ധനവ്										
132	66	90	87	110	7	13	..	44	24	29